## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2886** — 06.11.2019-ൽ മറുപടിയ്ക്ക്

**തയ്യൽ തൊഴിലാളിയ്ക്കായുള്ള ക്ഷേമനിധി**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. സി. കെ. ഹരീന്ദ്രൻ | ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തയ്യൽ തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) തയ്യൽ തൊഴിലാളികളുടെ ക്ഷേമത്തിനായി രൂപീകരിച്ചിട്ടുള്ള കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരം താഴെ പറയുന്ന ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് നൽകി വരുന്നു.<br>1. റിട്ടയർമെന്റ് പെൻഷൻ : 1200/- രൂപ<br>2. റിട്ടയർമെൻറ് ആനുകൂല്യം : 120/- രൂപ മുതൽ 60000/- രൂപ വരെ, സർവ്വീസ് അനുസരിച്ച്<br>3. കുടുംബ പെൻഷൻ : 1200/- (മിനിമം പെൻഷൻ തുക)<br>4. അംഗങ്ങൾക്കുള്ള അവശതാ പെൻഷൻ: 1200/- (മിനിമം പെൻഷൻ തുക)<br>5. പദ്ധതി നിലവിൽ വരുന്നതിന് മുൻപ് പെൻഷന് അർഹരായ അംഗങ്ങൾ അല്ലാത്തവർക്കുള്ള അവശതാ പെൻഷൻ : 1200/- (മിനിമം പെൻഷൻ തുക)<br>6. മരണാനന്തര ധനസഹായം : 25000/-<br>7. ശവസംസ്കാരത്തിനുള്ള സഹായം : 1000/-<br>8. അംഗങ്ങളുടെ കുട്ടികൾക്കുള്ള ഉന്നത വിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പും ക്യാഷ് അവാർഡും : 600/- രൂപ മുതൽ 5000/- രൂപ വരെ |

9. വിവാഹ ധനസഹായം : 2000/- രൂപ (പുരുഷ അംഗങ്ങൾക്ക് 1000/- രൂപ)

10. പ്രസവ ധനസഹായം: 2000/- രൂപ ബോർഡ് വിഹിതവും, 13000/- രൂപ സർക്കാർ ധനസഹായവും

11. ചികിത്സാ ധനസഹായം : 1000/- രൂപ മുതൽ 5000/- രൂപ വരെ

| | |
|---|---|
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തയ്യൽ മേഖലയിൽ പണിയെടുക്കുന്ന വനിതാ തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | (ബി) കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും വനിതാ തൊഴിലാളികൾക്ക് വിവാഹ ധനസഹായവും പ്രസവ ധനസഹായവും നൽകി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രസവ ധനസഹായമായി 2019 സെപ്റ്റംബർ മാസം വരെ 2127 പേർക്ക് 2000/- രൂപ വീതവും 770 പേർക്ക് 13,000/- രൂപ വീതവും, ആകെ 5,22,64,000/- രൂപ വിതരണം ചെയ്തിട്ടുണ്ട്. |
| (സി) തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ കാലയളവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (സി) കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും നൽകുന്ന വിവിധ സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ (എ) പിരിവിലെ ചോദ്യത്തിനുള്ള മറുപടിയിൽ പ്രതിപാദിച്ചിട്ടുണ്ട്. ബാങ്ക് മുഖേനയും അക്ഷയകേന്ദ്രങ്ങൾ വഴിയും തൊഴിലാളികൾക്ക് അംശദായം ഒടുക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയതോടൊപ്പം, ടി അംശദായ തുക സോഫ്റ്റ് വെയർ മുഖേന തൊഴിലാളികളുടെ അക്കൗണ്ടിൽ കൃത്യമായി വരവ് വെയ്ക്കുന്നുണ്ട്. ആനുകൂല്യ അപേക്ഷകളും രജിസ്ട്രേഷൻ അപേക്ഷകളും ഓൺലൈനായി സമർപ്പിക്കുന്നതിനും ആനുകൂല്യ വിതരണത്തിനും അംശദായം ഒടുക്കുന്നതിനും എസ്.എം.എസ്. വഴിയുള്ള അറിയിപ്പ് നൽകുന്നതിനും അപേക്ഷകളുടെ തൽസ്ഥിതി അറിയിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഓരോ |

മാസവും ലഭിക്കുന്ന ആനുകൂല്യ അപേക്ഷകൾ അതാത് മാസത്തിൽ തന്നെ തീർപ്പാക്കുകയും തൊട്ടടുത്ത മാസം തന്നെ തൊഴിലാളിയുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ആനുകൂല്യം നൽകുകയും ചെയ്യുന്നുണ്ട്. അപാകത മൂലം തീർപ്പാക്കാതിരുന്ന ആനുകല്യ അപേക്ഷകൾ തീർപ്പാക്കുന്നതിനായി ഫയൽ അദാലത്ത് സംഘടിപ്പിക്കുകയും 2019 മാർച്ച് 31 വരെയുള്ള 2485 അപേക്ഷകൾ തീർപ്പാക്കുകയും 1292 അപേക്ഷകർക്ക് ആനുകൂല്യമായി 32,62,604/- രൂപ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. 2019 ജൂലൈ വരെയുള്ള പെൻഷനും 2019 സെപ്തംബർ വരെയുള്ള ആനുകൂല്യങ്ങളും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസിന്റേയും തിരുവനന്തപുരം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിന്റേയും കാര്യക്ഷമമായ പ്രവർത്തനം കണക്കിലെടുത്ത് ISO 9001-2015 സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ